ഉത്തരം

(എ) കിറ്റ്സിന്റെ കീഴിൽ മലയാറ്റൂരിൽ കെ. ഐ. എച്ച്. എം. എസ്. എന്ന ഒരു സ്ഥാപനം മാത്രമേ പ്രവർത്തിക്കുന്നുള്ളൂ.

(ബി) മലയാറ്റൂരിൽ പ്രവർത്തിക്കുന്ന കെ. ഐ. എച്ച്. എം. എസ്. ൽ ഹൗസ് കീപ്പിംഗ് ആൻറ് ഫ്രണ്ട് ഓഫീസ് മാനേജ്മെൻറ് കോഴ്സിന് 12 കുട്ടികളും ആയുർവേദ മാസിയേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം കോഴ്സിന് 35 കുട്ടികളും ഫുഡ് ആൻറ് ബീവറേജ് സർവ്വീസസ് കോഴ്സിന് 7 കുട്ടികളും വീതവും പഠിക്കുന്നുണ്ട്. ഈ സെൻററിൽ പ്രിൻസിപ്പാൾ, ലക്ച്ചറർ, (ട്രാവൽ ആൻറ് ടൂറിസം) അക്കൗണ്ട്സ് ക്ലാർക്ക്, സ്വീപ്പർ എന്നീ താൽക്കാലിക തസ്തികകളും നിലവിലുണ്ട്. ഗസ്റ്റ് ലക്ച്ചറർമാരുടെ സേവനവും പ്രയോജനപ്പെടുത്തുന്നുണ്ട്.

(സി, ഡി) ഈ തസ്തികകൾക്ക് അംഗീകാരം നൽകുവാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(ഇ) സംവരണതത്വം പാലിക്കാറുണ്ട്. പിന്നോക്ക പട്ടികജാതി-വർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സ്കൈറ്റ്പ്പൻറ് നൽകുന്നതു സംബന്ധിച്ച് തീരുമാനം എടുക്കേണ്ടതു പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പാണ്. ഈ വിഷയം പ്രസ്തുത വകുപ്പിന്റെ പരിഗണനയിലുണ്ട്.

കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ വിനോദസഞ്ചാരികളുടെ എണ്ണത്തിലെ വർദ്ധന

86 [2075] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) 2004-05 സാമ്പത്തികവർഷം സംസ്ഥാനത്തെ വിനോദ സഞ്ചാരികളുടെ വരവിൽ മുൻവർഷത്തെ അപേക്ഷിച്ച് വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ബി) ഇതു മൂലം സർക്കാരിന് ഉണ്ടായ സാമ്പത്തിക നേട്ടം എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2004-05 സാമ്പത്തികവർഷം സംസ്ഥാനത്തെ വിനോദസഞ്ചാരികളുടെ വരവിൽ 0.5 ശതമാനം (30125 എണ്ണം) വർദ്ധനവ് 2003-04 സാമ്പത്തിക വർഷത്തെക്കാൾ ഉണ്ടായിട്ടുണ്ട്. വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 7.7% (24.224 എണ്ണം) വർദ്ധനവും ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 0.1% (5991 എണ്ണം) വർദ്ധനവും ഉണ്ടായിട്ടുണ്ട്.

(ബി) സർക്കാരിന് ഉണ്ടായ സാമ്പത്തിക നേട്ടം കണക്കാക്കപ്പെട്ടിട്ടില്ല.

ഇടുക്കി ജില്ലയിലെ ടൂറിസം പദ്ധതികൾ

87 [2076] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ ടൂറിസം വകുപ്പിൽ നിന്നും ഏതെല്ലാം വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ പൂർത്തീകരിച്ചവ ഏതെല്ലാം; ഇനി പൂർത്തീകരിക്കുവാനുള്ളവ ഏതെല്ലാം; തുടങ്ങുവാനുള്ളവ ഏതെല്ലാമാണ്; ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഇവയ്ക്കോരോന്നിനും എത്ര തുക വീതം വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ ടൂറിസം വകുപ്പിൽ നിന്നും താഴെപ്പറയുന്ന വികസന പദ്ധതികൾ അനുവദിച്ചിട്ടുണ്ട്:

1. മൂന്നാറിൽ യാത്രി നിവാസ്.
2. അടിമാലി വെള്ളച്ചാട്ടത്തിന്റെ വികസനം.
3. തൊമ്മൻ കുത്ത് എക്കോ-ടൂറിസം വികസനം.
4. വാഗമണിൽ ടൂറിസം കോംപ്ലക്സിന്റെ നിർമ്മാണം.
5. വഴിയോര വിശ്രമകേന്ദ്രം.
6. കുട്ടിക്കാനം-ഏലപ്പാറ റോഡിന്റെ നവീകരണം.
7. മൂലമറ്റം-ഉടുമ്പുഞ്ചി-കോട്ടമല റോഡിന്റെ നവീകരണം.
8. പരുന്തുംപാറ അപ്രോച്ച് റോഡിന്റെ നിർമ്മാണം.
9. ഉപ്പുതുറ-വാഗമൺ റോഡിന്റെ നവീകരണം.
10. വാഗമണിൽ പ്രോജക്ട് ഓഫീസ് കോർട്ടേഴ്സിന്റെ നിർമ്മാണം.
11. വാട്ടർ സപ്ലൈ പദ്ധതി.
12. മൂന്നാറിൽ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം.
13. മൂന്നാർ-തേക്കടി റോഡിന്റെ വികസനം.
14. പട്ടാലയിലെ ഓക്സ്ബോയുടെ വികസനം.
15. ഇടുക്കിയിൽ സൈൻ ബോഡ് സ്ഥാപിക്കൽ.
16. കുമളിയിൽ കംഫർട്ട് സ്റ്റേഷന്റെ നിർമ്മാണം.
17. രാമക്കൽമേട് വികസനം.
18. ഇടുക്കി ആർച്ച് ഡാമിൽ ക്ലോക്ക് റൂം-കം-ടോയ്ലറ്റ്.
19. വാളറയിൽ അമിനിറ്റി സെൻറർ.
20. തേക്കടിയിൽ ടൂറിസ്റ്റ് റിസപ്ഷൻ സെൻറർ.

(ബി, സി) പൂർത്തീകരിച്ചത്:

1. വാഗമണിലെ പ്രോജക്ട് ഓഫീസ് കോർട്ടേഴ്സിന്റെ നിർമ്മാണം—14,27,250 രൂപ.
2. വാട്ടർ സപ്ലൈ പദ്ധതി—1 കോടി രൂപ.
3. മൂന്നാറിൽ അടിസ്ഥാന സൗകര്യവികസനം—50 ലക്ഷം രൂപ.
4. മൂന്നാർ-തേക്കടി റോഡിന്റെ വികസനം—25 ലക്ഷം രൂപ.
5. ഇടുക്കിയിൽ സൈൻ ബോഡ്—5 ലക്ഷം രൂപ.
6. കുമളിയിൽ കംഫർട്ട് സ്റ്റേഷൻ—5 ലക്ഷം രൂപ.
7. ഇടുക്കി ആർച്ച് ഡാമിൽ ക്ലോക്ക് റൂം-കം-ടോയ്ലറ്റ്—3,10,000 രൂപ.

LIBRARY ARCHIVES Kerala Legislative Assembly

8. തേക്കടിയിൽ ടൂറിസ്റ്റ് റിസപ്ഷൻ സെൻറർ—(3350 ലക്ഷം).

പൂർത്തീകരിക്കുവാനുള്ളവ:

1. തൊമ്മൻകുത്ത് ഇക്കോ ടൂറിസം വികസനം—11,70,000 രൂപ.
2. കുട്ടിക്കാനം-ഏലപ്പാറ-വാഗമൺ റോഡിന്റെ വികസനം ഒന്നാം ഘട്ടം—500 ലക്ഷം രൂപ.
3. മൂലമറ്റം-ഉളുപ്പുണ്ണി-കോട്ടമല റോഡ് നവീകരണം—300 ലക്ഷം രൂപ.
4. പട്ടുമലയിലെ ഓക്സ്ബോയുടെ വികസനം—5,08,500 രൂപ.
5. രാമക്കൽമേട് വികസനം—34,77,380 രൂപ.

തുടങ്ങുവാനുള്ളത്:

1. പരുന്തുംപാറ അപ്രോച്ച് റോഡിന്റെ നിർമ്മാണം—15,03,099 രൂപ.
2. ഉപ്പുതുറ-വാഗമൺ റോഡിന്റെ നവീകരണം—300 ലക്ഷം രൂപ.
3. അടിമാലി വെള്ളച്ചാട്ടത്തിന്റെ വികസനം—38.60 ലക്ഷം രൂപ.
4. വാളറയിൽ അമിനിറ്റി സെൻറർ—4.5 ലക്ഷം രൂപ.
5. മൂന്നാറിൽ യാത്രി നിവാസ്—1,12,64.058 രൂപ.
6. വാഗമണിൽ ടൂറിസ്റ്റ് കോംപ്ലക്സ്—2,75,50,000 രൂപ.
7. ഇടുക്കിയിൽ വഴിയോര വിശ്രമ കേന്ദ്രം—60 ലക്ഷം രൂപ.

(ഡി) ലഭ്യമായവ ഉള്ളടക്കം ചെയ്തിട്ടുണ്ട്: ശേഷിക്കുന്നവ പ്രത്യേകം ലഭ്യമാക്കുന്നതാണ്. †

തുഷാരഗിരിയിൽ ടൂറിസം വകുപ്പിന്റെ പദ്ധതികൾ

88 [2077] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ;

(എ) മലബാറിലെ ഏറെ പ്രസിദ്ധമായ ടൂറിസ്റ്റ് കേന്ദ്രമായ തുഷാരഗിരിയിൽ ടൂറിസം വകുപ്പ് എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയെന്ന് പറയാമോ;

(ബി) ആയിരക്കണക്കിന് വിദേശ-സ്വദേശി വിനോദ സഞ്ചാരികൾ ദിനവും എത്തുന്ന തുഷാരഗിരിയിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) പുതുതായി എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് പറയാമോ;

(ഡി) തുഷാരഗിരിയിലേക്കുള്ള റോഡ് ടൂറിസം റോഡായി ഏറ്റെടുത്ത് ഭരണാനുമതി നൽകി പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി & സി) തുഷാരഗിരിയിൽ നിലവിലുള്ള അമിനിറ്റി സെൻററിന്റെ വിപുലീകരണത്തിന് 25 ലക്ഷം രൂപ മതിപ്പ് ചെലവുള്ള പദ്ധതിക്ക് ഗവൺമെൻറ് ഭരണാനുമതി നൽകിയിട്ടുണ്ട്. അമിനിറ്റി സെൻററിന്റെ വിപുലീകരണം, പാർക്കിംഗ് സൗകര്യം വികസിപ്പിക്കൽ, പുൽത്തകിടി വച്ചുപിടിപ്പിക്കൽ, വെള്ളച്ചാട്ട പ്രദേശത്തിന്റെ സൗന്ദര്യവൽക്കരണം, കുളിക്കടവും പാലവും തുടങ്ങിയ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയത്. ഇവയുടെ ജോലികൾ പുരോഗമിച്ചുവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly